1	2	3
കണ്ണൂർ	2503	1853
കാസർഗോഡ്	1348	1166
ആകെ	33114	21830

അശരണർക്കുള്ള ക്ഷേമ പദ്ധതികൾ

342(1721) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അശരണരായ ജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി സാമൂഹ്യ നീതി വകുപ്പ് വഴി നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്നും പദ്ധതിയിൽ ചേരുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(ബി) സാമൂഹ്യനീതി വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകാൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സാമൂഹ്യസുരക്ഷാ മിഷൻ

343(1722) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷൻ സംസ്ഥാനതല ദിനാഘോഷം നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ അത് എവിടെ വെച്ച് നടത്തി എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ദിനാഘോഷത്തിനു വേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) സാമൂഹ്യസുരക്ഷാ മിഷൻ ആശ്വാസ കിരണം പദ്ധതിയുടെ ഭാഗമായി എത്ര രൂപ കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

(ഇ) സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 2015 ഡിസംബർ മാസം വരെ ലഭിച്ച ഏകദേശം 20000-ത്തോളം അപേക്ഷകൾ തീർപ്പാക്കി ഡാറ്റാ എൻട്രി നടത്തുന്നതിനായി കുടുംബശ്രീ മിഷന്റെ ഐ.റ്റി. യൂണിറ്റിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഡാറ്റാ എൻട്രി തീരുന്നമുറയ്ക്ക് പുതിയ അപേക്ഷകർക്ക് ധനസഹായം അർഹതപ്പെട്ട മാസം മുതൽ നൽകുന്നതാണ്. ആയതിനാൽ പുതിയ അപേക്ഷകരുടെ കൃത്യമായ തുക കണ്ടെത്തുവാൻ പ്രയാസമാണ്.

അട്ടപ്പാടിയിലെ കുടുംബശ്രീ കൈപ്പറ്റിയ തുക

344(1723) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഓരോന്നിലും സാമൂഹ്യ നീതിവകുപ്പിൽ നിന്ന് കുടുംബശ്രീ കൈപ്പറ്റിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ചുവർഷത്തിൽ ഓരോ വർഷവും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും കുടുംബശ്രീ കൈപ്പറ്റിയ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ 5 വർഷങ്ങളിൽ അട്ടപ്പാടിയിലെ ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾക്കായി സാമൂഹ്യനീതി വകുപ്പിൽ നിന്നും കുടുംബശ്രീ തുകയൊന്നും കൈപ്പറ്റിയിട്ടില്ല. അട്ടപ്പാടി കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ സമൂഹ്യനീതി വകുപ്പിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ തുക നാളിതുവരെ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly